മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) ഈ വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെൻറ് മേശപ്പുറത്തു് വച്ചിട്ടുണ്ടു്. †

(സി) നടത്തിയിരുന്നു.

(ഡി) ഇതിൽ വിദ്യാർത്ഥികൾക്കുവേണ്ടി ഉന്നയിച്ചിരുന്ന പുതിയ ആവശ്യങ്ങൾ ഗവണ്മെൻറ് പരിഗണിച്ചുവരുന്നു.

(ഈ) മേശപ്പുറത്തു വച്ചിട്ടുള്ള സ്റ്റേറ്റുമെൻറിൽ ഈ വിവരം ചേർത്തിട്ടുണ്ടു്.

പെൻഷനേഴ്സ് അസോസിയേഷൻറെ നിവേദനം.

* 108. [48] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഖില കേരള പെൻഷനേഴ്സ് അസോസിയേഷൻറെ എതെങ്കിലും നിവേദനം കിട്ടുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഏവ ;

(സി) അവയെപ്പറ്റി ഗവണ്മെൻറു് എതെങ്കിലും തീരുമാനം ചെയ്തോ; ഉണ്ടെങ്കിൽ എന്തു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) പ്രസ്തുത അസോസിയേഷൻറെ ഒരു നിവേദനം 9-1-1964-ൽ കിട്ടിയിട്ടുണ്ടു്.

(ബി) പെൻഷൻകാർക്കു് കൊടുത്തുവരുന്ന ക്ഷാമബത്ത വർദ്ധിപ്പിക്കുക, ക്ഷാമബത്തയുടക്കം ഏറ്റവും കുറഞ്ഞ പെൻഷൻ 15 രൂപയിൽനിന്നും 25 രൂപയാക്കി വർദ്ധിപ്പിക്കുക, സൗജന്യ വൈദ്യസഹായവും വിദ്യാഭ്യാസ സൗജന്യങ്ങളും അനുവദിക്കുക, ഒരു പെൻഷൻ കമ്മീഷനെ നിയമിക്കുക, രാഷ്ട്രത്തിൻറെ വികസനപ്രവർത്തനങ്ങളിൽ പെൻഷൻകാരെക്കൂടി ഭാഗഭാക്കുകളാക്കുക, എന്നിവയാണു് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ.

(സി) ഇല്ല. ഈ കാര്യങ്ങളെല്ലാം പരിശോധിച്ചുവരുന്നു.

സബ് ട്രഷറി.

* 109. [50] ശ്രീ. വയലാ ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1965-ൽ സംസ്ഥാനത്തു് എവിടെയെങ്കിലും പുതുതായി സബ് ട്രഷറി സ്ഥാപിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) റാന്നിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്ന കാര്യം പര്യാലോചിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല.

(ബി) പത്തനംതിട്ടയിൽ ഒരു സബ് ട്രഷറിയുള്ളതുകൊണ്ടു് റാന്നിയിൽ ഇപ്പോൾ ഒരു സബ് ട്രഷറി സ്ഥാപിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

UNSTARRED QUESTIONS AND ANSWERS

മദ്യവർജ്ജനം.

8. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† Appendix VI.

LIBRARY ARCHIVES Kerala Legislative Assembly